**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3858** **06-08-2021 - ൽ മറുപടിയ്ക്ക്**

**കൽപ്പറ്റ മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന വിവിധ ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും, കാര്യാലയം മുഖേന കല്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. കൂടാതെ ബാണാസുരസാഗർ, കാരാപ്പുഴ ജലസേചന പദ്ധതികൾ കൽപ്പറ്റ നിയോജക മണ്ഡലത്തിനും പ്രയോജനം ലഭിക്കുന്ന വിധത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളാണ്. |
| (ബി) | പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഡാമുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ലോകബാങ്ക് സഹായത്തോടെ കേന്ദ്ര ജലകമ്മീഷന്റെ മേൽനോട്ടത്തിൽ ആരംഭിച്ച ഡ്രിപ്പ് ഫേയ്സ് II പദ്ധതിയിൽ ഉൾപ്പെ ടുത്തിയിട്ടുള്ള കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കാരാപ്പുഴ ഡാമിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് 10.3. കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. കൂടാതെ ജല സേചന വകുപ്പിനു കിഴിൽ വരുന്ന 4700-80-800-97 ഡാം സുരക്ഷ സംഘടനയും ഡാം സുരക്ഷ നടപ ടികളും എന്ന ശീർഷകത്തിലെ ഫണ്ട് ഉപയോഗപ്പെടുത്തി കാരാപ്പുഴ ഡാമിൽ ആവശ്യമായ പ്രവൃത്തികൾക്ക് നടപ്പ് സാമ്പത്തിക വർഷം അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയും പദ്ധതി വിഭാഗം 1 കാര്യാലയം മുഖേന അടിയന്തിരമായി പൂർത്തിയാക്കേണ്ട പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധം 3 ആയും ചേർത്തിരിക്കുന്നു. |
| (സി) | ഫണ്ടിന്റെ അപര്യാപ്തത കൊണ്ടും മറ്റുള്ള സാങ്കേതിക തടസ്സം മൂലവും ഏതെങ്കിലും പദ്ധതികൾ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ജീവനക്കാരുടെ കുറവ് ബാണാസുരസാഗർ പദ്ധതിയുടെ പ്രവർത്തന പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. 2018 ലെ പ്രളയത്തിന് ശേഷം വയനാട് ജില്ലയിൽ മണലിന്റെയും, മെറ്റലിന്റെയും, കരിങ്കല്ലിന്റെയും ക്ഷാമം നേരിടുന്നുണ്ട്. കൂടാതെ അന്യജില്ലകളിൽ നിന്നും ഇവ കൊണ്ടുവരുന്നതിനാൽ |

| | | | |
|---|---|---|---|
| | | | വില കൂട്ടതലായാണ് അനുഭവപ്പെട്ടുന്നത്. ഇത് കരാർ പ്രവൃത്തികളുടെ പുരോഗതിയെ വളരെയധികം ബാധിക്കുന്നുമുണ്ട്. കാരാപ്പുഴ ജലസേചന പദ്ധതി റിസർവോയറിനായുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കാത്തത് മൂലം ആയതിന്റെ പൂർണ്ണ സംഭരണ ശേഷിയിൽ ജലസംഭരണം നടത്തുവാൻ നാളിതുവരെ സാധിച്ചിട്ടില്ല. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് ഇതിനായുള്ള ഫണ്ട് ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതി കനാലുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ സാങ്കേതിക സമിതി ശുപാർശ അനുസരിച്ചുള്ള സബ് ഡിവിഷൻ ഓഫീസും ആവശ്യമായ ജീവനക്കാരെയും വിന്യസിക്കേണ്ടതുണ്ട്. കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വരദൂർ തോടിന് കുറുകെ പാടിക്കര ചിത്രമൂലയിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിനായുള്ള പദ്ധതിയായിരുന്നു ആവിഷ്കരിച്ചിരുന്നത്. പ്രളയത്തിന് ശേഷം പുഴയുടെ ബെഡ് ലവൽ താഴ്ന്നതിനാൽ ചെക്ക് ഡാമിനേക്കാൾ വി.സി.ബി കം ട്രാക്ടർ വേ ആണ് ഉചിതമെന്ന് കണ്ടെത്തുകയും ആയത് നിർമ്മിക്കാനുള്ള പ്രൊപ്പോസൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചു വരുന്നു. ഐക്കരപ്പടിയിൽ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന ചെക്ക് ഡാമിന്റെ സ്ഥാനം മടത്തുവയലിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനായി ആവശ്യമായ ഇൻവെസ്റ്റിഗേഷൻ, ലെവലിംഗ് തുടങ്ങിയ നടപടികൾ പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും, കാര്യാലയം മുഖേന കല്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ**

**എ) & ബി)**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കണിയാമ്പറ്റ പഞ്ചായത്തിലെ കാവടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | 170.00 | 60% പൂർത്തീകരിച്ച് പ്രവൃത്തി പുരോഗമിക്കുന്നു |
| 2 | പടിഞ്ഞാറത്തറ പഞ്ചായത്തിലെ പുതുശ്ശേരിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | 200.00 | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു |
| 3 | തരിയോട് പഞ്ചായത്തിലെ ഐക്കരപ്പടി ചെക്ക് ഡാം നിർമ്മാണം | 30.00 | വ്യക്തത ആവശ്യപ്പെട്ടു കൊണ്ട് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കത്ത് നല്കിയിട്ടുണ്ട് |
| 4 | കോട്ടത്തറ പഞ്ചായത്തിലെ വിയാമ്പറ്റ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | 25.00 | പദ്ധതിയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പമ്പ് ഹൗസും ട്രാൻസ്ഫോർമർ യാർഡും കഴിഞ്ഞ പ്രളയത്തിൽ മുങ്ങിയതിനാൽ ആയതിന്റെ അറ്റകുറ്റപ്പണികൾ നടന്നു വരുന്നു. ആയത് കഴിഞ്ഞാൽ പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ് |
| 5 | വൈത്തിരി പഞ്ചായത്തിലെ പഴയ വൈത്തിരി പുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം | 45.00 | ചെക്ക് ഡാം നിർമ്മാണം പ്രവൃത്തി 35% പൂർത്തീകരിച്ചിട്ടുണ്ട് |
| 6 | മേപ്പാടി പഞ്ചായത്തിലെ ചെമ്പോത്തറ മാനിവയൽ തോടിനു കുറുകെ ചെക്ക് ഡാം നിർമ്മാണം | 55.00 | ചെക്ക് ഡാം നിർമ്മാണം പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. 5% പൂർത്തീകരിച്ചിട്ടുണ്ട് |
| 7 | മേപ്പാടി പഞ്ചായത്തിലെ പുല്ലാറ്റിൽ ചെക്ക് ഡാമിന്റെ അറ്റകുറ്റപ്പണികൾ | 24.00 | പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 45 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

**ചീഫ് എഞ്ചിനീയർ, IDRB കാര്യാലയം മുഖേന കല്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കി വരുന്ന ജലസേചന പദ്ധതികൾ**

| പദ്ധതി/പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|
| Karappuzha Irrigation Project – Providing KSEB Service connection to spillway – Balance work | 35,221/ | പൂർത്തിയായി |
| KRP-Soil Test for reviewing the stability analysis of existing earthdam – Balance work | 1,32,750/ | പ്രവൃത്തി പുരോഗമിക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം - 3

## പദ്ധതി വിഭാഗം 1 കാര്യാലയം മുഖേന അടിയന്തിരമായി പൂർത്തിയാക്കേണ്ട പദ്ധതികളുടെ വിശദ വിവരങ്ങൾ

പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായി വിദഗ്ധ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ ചെയർമാനായ ഒരു സാങ്കേതിക കമ്മിറ്റി രൂപവൽക്കരിച്ച് ടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്കായി 172.77 കോടി രൂപയുടെ പുതുക്കിയ പ്രൊജക്ട് റിപ്പോർട്ടും 2021-22 ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി 16.26 കോടി രൂപയുടെ പ്രവൃത്തികളും പരിഗണനയിലാണ്. 2020-21 സാമ്പത്തിക വർഷം വരെ അനുമതി ലഭിച്ച പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. മെയിൻ കനാലിന്റെ ചെയിനേജ് 1130 മീറ്റർ മുതൽ 1500 മീറ്റർ വരെയുള്ള പ്രവൃത്തിയുടെ റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വെണ്ണിയോട് ബ്രാഞ്ച് കനാലിന്റെ ചെയിനേജ് 20 മീറ്റർ മുതൽ 570 മീറ്റർ, ചെയിനേജ് 570 മീറ്റർ മുതൽ 1715 മീറ്റർ, ചെയിനേജ് 4325 മീറ്റർ മുതൽ 4620 മീറ്റർ വരെയുള്ള പ്രവൃത്തികൾ നിർമ്മാണഘട്ടത്തിലാണ്. ചെയിനേജ് 2390 മീറ്റർ മുതൽ 2680 മീറ്റർ, ചെയിനേജ് 2680 മീറ്റർ മുതൽ 2870 മീറ്റർ, ചെയിനേജ് 2870 മീറ്റർ മുതൽ 3715 മീറ്റർ, ചെയിനേജ് 3975 മീറ്റർ മുതൽ 4325 മീറ്റർ, ചെയിനേജ് 2045 മീറ്റർ മുതൽ 2390 മീറ്റർ വരെയുള്ള പ്രവൃത്തികളുടെ എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ചതാണ്. കാപ്പുംകുന്ന് വിതരണ കനാലിന്റെ അംഗീകാരം നൽകിയ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ചെയിനേജ് 1715 മുതൽ 2045 മീറ്റർ വരെയുള്ള പ്രവൃത്തി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെയിനേജ് 3715 മുതൽ 3975 മീറ്ററവരെയുള്ള പ്രവൃത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കാപ്പുംകുന്ന് വിതരണകനാലിന്റെ ചെയിനേജ് 0 മുതൽ 1480 മീറ്റർ, ചെയിനേജ് 3210 മീറ്റർ മുതൽ 3485 മീറ്റർ വരെ, പേരാൽ വിതരണകനാൽ ചെയിനേജ് 0 മീറ്റർ മുതൽ 1000 മീറ്റർ വരെ വീട്ടിക്കാമൂല വിതരണകനാൽ ചെയിനേജ് 0 മീറ്റർ മുതൽ 1000 മീറ്റർ വരെ, വിതരണകനാലുകളുടെ ഇൻവെസ്റ്റിഗേഷൻ, പടിഞ്ഞാറത്തറ ബ്രാഞ്ച് കനാൽ സൈഫൺ ഉൾപ്പെടെ ചെയിനേജ് 0 മീറ്റർ മുതൽ 570 മീറ്റർ വരെയുള്ള പ്രവൃത്തികളും അനുബന്ധ പ്രവൃത്തികളും ഉൾപ്പെടെ 16.26 കോടി രൂപയുടെ പ്രവൃത്തി 2021-22 വർഷത്തിൽ അംഗീകാരത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയ്ക്കുവേണ്ടി 28.2324 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. 0.5146 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ നടപടിയിൽ സാമൂഹിക ആഘാതപഠനം നടന്നുകൊണ്ടിരിക്കുന്നു. വെണ്ണിയോട് വിതരണ കനാലിന് വേണ്ടി 0.0095 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി പരിഗണനയിലാണ്. കൂടാതെ കാപ്പുംകുന്ന് വിതരണ കനാലിന്റെ പുതുക്കിയ അലൈൻമെന്റ് പ്രകാരം 750 മീറ്റർ കനാൽ നിർമ്മിക്കുന്നതിന് വേണ്ടി 0.0423 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

കാരാപ്പുഴ ജലസേചന പദ്ധതി:- കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ, സാങ്കേതിക വിദഗ്ധർ എന്നിവർ ഉൾപ്പെടെയുള്ള കമ്മിറ്റി, കാരാപ്പുഴ പദ്ധതി സന്ദർശിക്കുകയും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ട ആവശ്യകത മനസിലാക്കി ഘട്ടംഘട്ടമായി ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ സാങ്കേതിക സമിതിയുടെ ശുപാർശ പ്രകാരം ആദ്യഘട്ടമായി 2538 ഹെക്ടർ കൃഷിയിടത്തിലാണ് ജലസേചന സൗകര്യം ഒരുക്കേണ്ടത്. ആയത് 2024-25 സാമ്പത്തിക വർഷത്തോടുകൂടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ 128.68 കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ